പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3714 15.07.2015 ലെ മറുപടിയ്ക്ക്

## വിനോദ സഞ്ചാര നയം 2012

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര നയം 2012-ന്റെ പ്രധാനലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | എ) | സംസ്ഥാന വിനോദ സഞ്ചാര നയം 2012-ന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.<br>1. ഉന്നത നിലവാരമുള്ള സന്ദർശന അനുഭവം ടൂറിസ്റ്റുകൾക്ക് പ്രദാനം ചെയ്യുക<br>2. തദ്ദേശീയ ജനതയ്ക്ക് ടൂറിസം നൽകുന്ന ഗുണ ഗണങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തനം രൂപപ്പെടുത്തുക<br>3. നിക്ഷേപസമാഹരണത്തിനുള്ള സാഹചര്യം ഒരുക്കുക<br>4. കേരളത്തെ ശ്രദ്ധേയമായ ഒരു ദേശീയ അന്തർ ദേശീയ ബ്രാൻഡായി വിപണനം ചെയ്യുക<br>5. ടൂറിസം രംഗത്തും ആതിഥേയ രംഗത്തും മെച്ചപ്പെട്ട മാനവ വിഭവ ശേഷി രൂപപ്പെടുത്തുക. |
| ബി) | പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) | സംസ്ഥാന വിനോദസഞ്ചാര നയം 2012-ന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം 'എ' ആയി ചേർക്കുന്നു. |
| സി) | വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ നടത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സി) | വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം എ

## സംസ്ഥാന വിനോദസഞ്ചാര നയം 2012-ന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നു.

വൈവിധ്യമാർന്ന പരിപാടികളിലൂടെ കേരളത്തിന്റെ സവിശേഷതകൾ ഉയർത്തിക്കാട്ടി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് ഒരു വർഷം നീളുന്ന 'വിസിറ്റ് കേരളാ-2015' പ്രചാരണ പരിപാടിയ്ക്ക് തുടക്കമിടുന്നു. ആയുർവേദം സ്പൈസ് റൂട്ട്-മുസിരീസ് തുടങ്ങിയ സവിശേഷതകൾക്ക് പ്രാധാന്യം നൽകിയുള്ളതാണ് ഇത്. അവധിക്കാലം ചെലവഴിക്കുന്നതിനായി കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്കായി വിസിറ്റ് കേരളാ മത്സരങ്ങൾ നടത്തി സമ്മാനങ്ങളും കോംപ്ലിമെന്ററി ഹോളിഡേകളും നൽകാൻ ഉദ്ദേശമുണ്ട്.

മാതൃകാ പരമായ ഒരു പുതുവത്സര വിനോദസഞ്ചാര കേന്ദ്രം എന്ന രീതിയിൽ കേരളത്തെ വിപണനം ചെയ്യുന്നതിനായി മുംബൈ, ബാംഗ്ലൂർ, അഹമ്മദാബാദ് എന്നീ നഗരങ്ങളിലെ പ്രശസ്തമായ ഷോപ്പിംഗ് മാളുകളിൽ നവംബർ മാസത്തിൽ വ്യത്യസ്തങ്ങളായ ഹ്രസ്വകാല പ്രചരണങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഹൗസ്ബോട്ടിന്റെ പശ്ചാത്തലത്തിൽ പ്രധാന സ്ഥലത്ത് ഒരുക്കിയ വേദിയിൽ ഫ്ളാഷ് മോബിനൊപ്പം മോഹിനിയാട്ടം, കളരിപ്പയറ്റ് എന്നിവ ഇട കലർത്തി ആകർഷകമായ രീതിയിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ ആനയെ ആസ്പദമാക്കിയുള്ള "ഓഗ് മെന്റഡ് റിയാലിറ്റി കേരള സോഡിയാക് കഥകളിയുടെ മുഖം മൂടികൾ, മുണ്ടുടുക്കൽ മത്സരം, പസിലുകൾ തുടങ്ങിയവയും സന്ദർശകർക്കായി നറുക്കെടുപ്പുകൾ കേരള ബ്രാൻഡ് ചെയ്ത സമ്മാനങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരുന്നു. കൂടാതെകേരള ഹെൽപ് ഡെസ്കിലൂടെ സന്ദർശകരുടെ അന്വേഷണങ്ങൾ രേഖപ്പെടുത്തുകയും ഉണ്ടായി.

തദ്ദേശീയർക്ക് മെച്ചപ്പെട്ട രീതിയിൽ ജീവിക്കാനുതകും വിധവും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുവാൻ സഹായിക്കും വിധവും ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉൽപ്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക സാംസ്കാരിക പൈതൃക സംരക്ഷണം തുടങ്ങിയവയും ഇതിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. ഈ പദ്ധതി നടപ്പാക്കി വരുന്ന സ്ഥലങ്ങളിലെ ജനങ്ങൾക്ക് വിനോദ സഞ്ചാരത്തിന്റെ ഗുണഫലങ്ങൾ നേരിട്ട് ലഭിക്കുന്നതിന് ഇടയാകുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ സ്കീം വകുപ്പ് നടപ്പാക്കി വരുന്നു. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ കുമരകം മേഖലയിൽ ഉള്ള 13 യൂണിറ്റുകൾക്ക് ക്ലാസിഫിക്കേഷൻ നൽകിയിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രാധാന്യം സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനായി ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ഒരു പ്രചാരണ പരിപാടി വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 50 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തുന്നതിന് ടൂറിസം റിസോഴ്സ്

മാപ്പിംഗ് നടന്നു വരുന്നു. ഇതു കൂടാതെ മിഷൻ 676 ന്റെ ഭാഗമായി "ഗോഡ്സ് ഓൺ കൺ പീപ്പിൾസ് ഓൺ ടൂറിസം" എന്ന പേരിൽ 112 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ടൂറിസം സാ തകൾ കണ്ടെത്തുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും തദ്ദേശവാസികളുടേയും സം കരണത്തോടെ വിവിധ ടൂറിസം പരിപാടികൾ വികസിപ്പിക്കുന്നതിനുമായുള്ള ഒരു പദ്ധതി വകുപ്പ പരിഗണിച്ചുവരുന്നു.

സംസ്ഥാനത്ത് ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ഫലമായി 2012 മുതൽ ടൂറിസം രംഗത്തുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനം സന്ദർശിച്ച സ്വദേശ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ആയതിന്റെ 2011 മുതലുള്ള വിവരം താഴെ പറയുന്നു.

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | തദ്ദേശ വിനോദ സഞ്ചാരികൾ | ആകെ വരുമാനം കോടിയിൽ |
|---|---|---|---|
| 2011 | 732985 | 9381455 | 19037.00 |
| 2012 | 793696 | 10076854 | 20430.00 |
| 2013 | 858143 | 10857811 | 22926.55 |
| 2014 | 923366 | 11695411 | 24885.44 |

സംരംഭകർ, വ്യവസായികൾ, നിക്ഷേപകർ എന്നിവരെ ഉദ്ദേശിച്ചുള്ള സഹായ സേവനങ്ങൾ ത്വരിത ഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന ഈ മേഖലയുടെ ആവശ്യമാണ്. പുതിയ ടൂറിസം പദ്ധതികൾക്കാവശ്യമായ വിവിധ അനുമതികളുടെ ലഭ്യത വേഗത്തിലാക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് നിക്ഷേപകർക്കായി തുടങ്ങുന്ന ഇത്തരം സംവിധാനം കേരളത്തിന്റെ ടൂറിസം മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തും. വിവിധ സർക്കാർ പദ്ധതികൾ പ്രാവർത്തികമാക്കി പരിചയമുള്ളതും ടൂറിസം വികസന പദ്ധതികൾക്ക് പി.പി.പി. കൂട്ടുസംരഭ മാതൃകകൾ ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുള്ളതുമായ കെ.ടി.ഐ.ൽ നിക്ഷേപകരേയും സംരംഭകരേയും ആകർഷിക്കുന്നതിനുള്ള ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കും. 2015-16 ൽ ചെറുകിട നിക്ഷേപകരുടെ ഒരു സംഗമം സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. സാധ്യതാ പഠനം, പദ്ധതി രൂപരേഖ തയ്യാറാക്കൽ, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്, ബിഡ് ഡോക്കുമെന്റ് തയ്യാറാക്കൽ, നിക്ഷേപകരെ കണ്ടെത്തൽ എന്നിവയോടൊപ്പം അനുമതിക്കാവശ്യമായ സഹായവും കെ.ടി. ഐ. എൽ ചെയ്യുന്നതായിരിക്കും. റോഡ് ഷോകൾ, എക്സിബിഷനുകൾ, ശില്പശാലകൾ മുതലായ സേവനങ്ങളും നൽകുന്നതായിരിക്കും.

JATA-TOKYO, IFTM-PARIS, WTM-LONDON, HONEYMOON, DESTINATION-DUBAI, MATKA-HELSINKI, FITTUR-MADRID, BIT-MILAN, ITB- BERLIN, MITT-MOSCOW, ATM-DUBAI, TUR, Gothenburg എന്നീ അന്തർദേശീയ ട്രേഡ് ഫെയറുകളിലും GENEVA, MANCHESTER, NEWYORK, CHICKAGO, LOSANGELS (U.S.A), PARIS ,BARCELONA, HUMBARG, UNICH, VIENNA, PRAGUE, STOCKHOLM, KIEV, ST.PEETERS, BURG, London, Milan, Dusseldorf, Kualalampur, Auckland, Sydney, Melbourne എന്നിവിടങ്ങളിലെ റോഡ് ഷോകളിലൂടെയും കേരളത്തിന്റെ മികച്ച ടൂറിസം സാധ്യതകൾ ലോക ടൂറിസ്റ്റുകൾക്ക് മുന്നിൽ കാഴ്ചവയ്ക്കുവാൻ കേരളാ ടൂറിസം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

CHANDIGARH, GURGOAN, LUCKNOW, JAIPUR, VADODHARA, AHAMMEDABAD, SURAT, NAGPUR , PUNE, INDORE, RAIPUR, BHUVANESWAR, BANGALORE, KOLKOTTA, CHENNAI, HYDERABAD, MUMBAI, DELHI, GUWAHATI, COIMBATORE എന്നീ ദേശീയ തലത്തിലുള്ള 20-ഓളം റോഡ്ഷോകളിലൂടെയും SATTE-NEW DELHI, MUMBAI, TTF-BANGALORE, AHAMMEDABAD, KOLKOTTA, PUNE, Chennai എന്നീ 32 ഓളം ദേശീയ ടൂറിസം ട്രേഡ് മേളകളിലൂടെയും റോഡ്ഷോകളിലൂടെയും പബ്ളിക് റിലേഷൻസ് വകുപ്പ് ഡൽഹിയിലും മുംബെയിലും നടത്തി വരാറുള്ള അന്താരാഷ്ട്ര വിപണന മേളകളിലൂടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെ ശ്രദ്ധ ആകർഷിക്കുവാനും കേരള ടൂറിസത്തിനു കഴിഞ്ഞിട്ടുണ്ട്.

ഗുണനിലവാരമുള്ള മാനവ വിഭവശേഷി വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി KITTS, FCI, SIHM എന്നീ സ്ഥാപനങ്ങൾ മുഖേന നൂതന ആശയങ്ങളെ ജനകീയമാക്കുന്ന ഗവേഷണ പ്രവർത്തനങ്ങളും പുതിയ കോഴ്സുകളും ട്രെയിനിംഗുകൾ മുതലായവ നടപ്പിലാക്കി വരുന്നു.

Annexure - B

| Sl. No. | Name of Project | Payment Cost |
|---|---|---|
| | **Completed Project** | |
| 1 | Alappuzha Beach walkway Electrification | 4000000 |
| 2 | Balance work for providing additional facilities at Nehru Trophy Boat race | 48000000 |
| 3 | Beautification at Beach and surroundings near Madre De Deus Church (Vettukad Church) | 5450000 |
| 4 | Beautification of Ambedkar Park at North Paravoor | 15000000 |
| 5 | Beautification of Eda Kallu at Kovalam Beach | 4939655 |
| 6 | Beautification of Palakkad Fort premises- Phase 1 | 5000000 |
| 7 | Bekal Tourism Project 2013-14 | 13500000 |
| 8 | Bhutt Road Beach - Electrification | 2858000 |
| 9 | Boat Cruise Terminal 2013 | 1500000 |
| 10 | Certificate course on Naturalist/Interpreter in the Ecotourism destinations | 1341250 |
| 11 | Conducting a study on the Scheme for Tourism Signages on major roads and Tourist Centres in Kerala | 2500000 |
| 12 | Construction of a Steel Lattice Bridge to the Manappuram at the Middle of Muvattupuzha River | 7700000 |
| 13 | Construction of Balimandapam at Varkala | 14300000 |
| 14 | Construction of Convention Centre at Kunhikuttan Thampuran Memorial college, Kodungalloor -Phase III | 26200000 |
| 15 | Construction of covered stage and renovation works of Durbar Hall Ground, Ernakulam | 14400000 |
| 16 | Construction of Ladies Hostel- KITTS | 23600000 |
| 17 | Construction of Music Hall at Chembai, Kottayi, Palakkad (Revised AS Accorded) | 6468447 |
| 18 | Construction of second pathway and repair works for facilitation centre at Edakkal Caves, Waynad | 5000000 |
| 19 | Construction of Tourist information centre at Parassinikadavu, Kannur | 5000000 |
| 20 | Cruise passanger terminal facilities at Cochin Port Trust | 49153000 |
| 21 | Department of Tourism-Take a Rest-Pilot Project at Sanghumugham,Thiruvananthapuram. | 2500000 |
| 22 | Destination Development of Kumarakom | 17000000 |
| 23 | Developing Water Based Transport Infrastructure at Kochi, Marine Drive | 28300000 |
| 24 | Development of Access Road to Kottappuram Fort, Kodungalloor | 9800000 |
| 25 | Development of Mini Pamba river view at Thavanoor, Malappuram | 6800000 |
| 26 | Development of Moyinkutty Vaidyar Memorial Museum, Kondotty | 7698000 |
| 27 | Development of North Paravur Heritage Township Square- Additional Works | 7100000 |
| 28 | Development of Puthiyakavinchira, Adoor as Picnic Spot | 7180000 |
| 29 | Development of Solid Waste Management System at Devikulam | 3500000 |
| 30 | Development of Thumboormozhi Dam sites and surroundings in to a Major Tourist Destination in Kerala | 14699000 |
| 31 | Development of Tourist Information Centre and Beautification at Boat Jetty Complex, Ernakulam | 5000000 |
| 32 | Development of Vallathol Smarakom at Pollooni Mangalam, Malappuram | 1350000 |
| 33 | Development Water Based Transport Infrastructure at Muziris Heritage Site | 25600000 |
| 34 | Development works and providing playing equipments in Park area at Veli Tourist Village | 1700000 |
| 35 | Ecotourism at Chellarkovil Phase II | 2168750 |
| 36 | Ecotourism programmes at Meesapulimala at Munnar | 9232354 |
| 37 | Electrification of Munambam Beach (TRP) - Additional AS | 2067310 |
| 38 | Electrification of Papanasam, Thiruvambady Beach Road, Varkala | 2668000 |
| 39 | Electrification of Sanghumugham Beach- Additional AS | 656019 |
| 40 | Feasibility Study for developing a ropeway at Elaveezhapoonchira | 1060000 |
| 41 | Fencing around the land earmarked for Jadayupara tourism project | 3060000 |
| 42 | Filling and leveling at Irringal Craft Village | 5684011 |
| 43 | Floating Craft for Collection and Transportation of Sewage from House Boats | 2100000 |
| 44 | Food Craft Institute- Upgradation of Food craft building at Thrissur | 20000000 |

| Sl. No. | Name of Project | Payment Cost |
|---|---|---|
| 86 | Thazhathangadi Heritage Zone and River bank beautification- Kottayam | 7323000 |
| 87 | The Gateway- Phase II, Kollam | 5500000 |
| 88 | Tourism Development of Thamarassery Churam in Puthuppady GP, Kozhikode | 5000000 |
| 89 | Veli TV- Supply installation and commissioning of LED Flood Lights at existing High mast Lights. | 1349300 |
| 90 | Wayside Amenity & Camping Centre at Kallar, Thiruvananthapuram | 11800000 |
| 91 | Wayside Amenity centre at Nellarachal,Wayanad | 4707000 |